# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 945 28.04.2017-ൽ മറുപടിക്ക്

## <u>ബൈട്രാൻസ്ഫർ നിയമനത്തിലെ അവ്യക്തത</u>

| <u>ചോദ്യം</u> | | <u>മറുപടി</u> |
|---|---|---|
| **ശ്രീ.എൽദോസ് കുന്നപ്പിള്ളി** | | **പ്രൊഫ.സി.രവീന്ദ്രനാഥ്** (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | എയ്ഡഡ് ഹയർ സെക്കന്ററി മേഖലയിൽ ബൈട്രാൻസ്ഫർ നിയമനം ലഭിച്ച അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകുന്നതിൽ വ്യത്യസ്ത നിലപാടുകൾ സ്വീകരിച്ചതു കാരണം പ്രസ്തുത അദ്ധ്യാപകർ സെലക്ഷൻ കമ്മിറ്റി കൂടാതെ നിയമനാംഗീകാരം ലഭിച്ചവർ, നിയമനാംഗീകാരം നിരസിച്ചതിനുശേഷം സെലക്ഷൻ കമ്മിറ്റി കൂടി വീണ്ടും നിയമനാംഗീകാരം ലഭിച്ചവർ, നിയമ പ്രകാരം സെലക്ഷൻ കമ്മിറ്റി കൂടിയ ശേഷം നിയമനാംഗീകാരം ലഭിച്ചവർ എന്നിങ്ങനെ നിലവിൽ മൂന്ന് വിഭാഗങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) (എ) മുതൽ (ഡി) വരെ: വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (ബി) | ആർ.ഡി.ഡി ഓഫീസുകളിൽ നിന്നും തെറ്റായ നിർദ്ദേശം ലഭിച്ചതിലൂടെ ഇതിൽ ഒരു വിഭാഗത്തിന് സെലക്ഷൻ കമ്മിറ്റി കൂടാതെയുള്ള നിയമനാംഗീകാരമാണ് ലഭിച്ചിട്ടുള്ളതെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; | (ബി) |
| (സി) | മറ്റൊരു വിഭാഗത്തിന് ആർ.ഡി.ഡി ഓഫീസുകളിൽ നിന്നും തെറ്റായ നിർദ്ദേശം ലഭിച്ചതിലൂടെ നിയമനം ലഭിച്ച തീയതി മുതലുള്ള സർവ്വീസ് നഷ്ടപ്പെട്ടിരിക്കുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) |
| (ഡി) | പ്രസ്തുത സാഹചര്യത്തിൽ ബൈട്രാൻസ്ഫർ നിയമനം ലഭിക്കുന്നവർക്ക് സെലക്ഷൻ കമ്മിറ്റി കൂടണമെന്ന മാനദണ്ഡം ഒഴിവാക്കി മുൻകാല പ്രാബല്യത്തോടെ എല്ലാ വർക്കും അവർ അനുഷ്ഠിച്ച സേവനകാലം അംഗീകരിച്ച് നിയമനാംഗീകാരം നൽകുവാൻ നടപടി സ്വീകരിക്കുമോ ? | (ഡി) |

സെക്ഷൻ ഓഫീസർ